**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6244</u>** **<u>10-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>കോഴിക്കോട് ജില്ലയിലെ റാപിഡ് റെസ്പോൺസ് ടീം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സംഘർഷം കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എവിടെയൊക്കെയാണ് പുതിയ റാപിഡ് റെസ്പോൺസ് ടീം ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ആർ.ആർ.ടി. സംവിധാനം ശാക്തീകരിക്കുന്നതിനായി, സ.ഉ (കൈ) നം. 23/2024/വനം തീയതി 31.05.2024 പ്രകാരം, തിരുവനന്തപുരം, പുനലൂർ, കോട്ടയം, മാങ്കുളം, കോതമംഗലം, ചാലക്കുടി, നെന്മാറ, നിലമ്പൂർ സൗത്ത്, നോർത്ത് വയനാട് എന്നീ വനം ഡിവിഷനുകളിൽ ആയി ഒമ്പത് ആർ.ആർ.ടി..കൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ പുതിയ റാപിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്നും അവയുടെ പ്രവർത്തന രീതി എങ്ങനെയാണെന്നും അവയുടെ ആസ്ഥാനം എവിടെയാണെന്നും വിശദമാക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ താമരശ്ശേരിയിൽ നിലവിൽ ഒരു ആർ.ആർ.ടി. പ്രവർത്തിച്ചു വരുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ പുതിയതായി റാപിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടില്ല.<br><br>ആർ.ആർ.ടി.യുടെ പ്രവർത്തന രീതി ചുവടെ ചേർക്കുന്നു.<br><br>മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പതിവായി പെരാമ്പുലേഷൻ നടത്തുക, ബാരിയറുകളുടെ അവസ്ഥ പരിശോധിച്ച് രണ്ടാഴ്ചയിലൊരിക്കൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്/ വൈൽഡ് ലൈഫ് വാർഡന് റിപ്പോർട്ട് സമർപ്പിക്കുക, Early Warning System എന്ന സംവിധാനം ഉപയോഗിച്ച് പ്രശ്നക്കാരായ മൃഗങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുകയും പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുക, പരിക്കേറ്റതോ ഉപേക്ഷിക്കപ്പെട്ടതോ ആയ മൃഗങ്ങളുടെ രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും നടത്തുക, പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതുവരെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശ പ്രകാരം പ്രശ്നബാധിത പ്രദേശത്ത് ക്യാമ്പ് ചെയ്യുക, ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ ഉത്തരവ് പ്രകാരം വന്യമൃഗങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | റേഡിയോ കോളർ ഘടിപ്പിക്കുന്നതിനും, അവയെ മാറ്റി പാർപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് വെറ്ററിനറി ഡോക്ടർമാരുടെ സേവനങ്ങളോട് സഹകരിക്കുക, ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിന് ആവശ്യമായ പോലീസുകാരെ സജ്ജീകരിക്കുക, ജനജാഗ്രതാസമിതിയുടെ പ്രവർത്തനം ഏകോപിപ്പിക്കുക, വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരത്തിന് വേണ്ടിയുള്ള അപേക്ഷകൾ പരിശോധിക്കുക, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് പ്രകാരം ക്യാമ്പ് ചെയ്യുക. |

സെക്ഷൻ ഓഫീസർ